**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5041** **04-07-2024 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്കൂൾ മാനേജ്മെന്റ് മാറ്റുന്നതിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എയ്ഡഡ് സ്കൂൾ മാനേജ്മെന്റ് മറ്റൊരാളിലേക്ക് മാറ്റുന്നതിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ; | (എ) | 1959 ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം IIIചട്ടം 5 എ യിലെ വ്യവസ്ഥകൾ പ്രകാരം ഒരു എയ്ഡഡ് സ്കൂളിന്റെ ഉടമസ്ഥാവകാശത്തോടെയുള്ള മാനേജ്മെന്റ് കൈമാറ്റം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണ്. ആയതിനുള്ള അപേക്ഷ ബന്ധപ്പെട്ട സ്കൂളിന്റെ നിയന്ത്രണാധികാരി മുഖാന്തിരം യഥാസമയം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കണം. |
| (ബി) | ഇതുമായി ബന്ധപ്പെട്ട റൂൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | (എ)&(ബി) 1959 ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം IIIചട്ടം 5 എ യിലെ വ്യവസ്ഥകൾ പ്രകാരം ഒരു എയ്ഡഡ് സ്കൂളിന്റെ ഉടമസ്ഥാവകാശത്തോടെയുള്ള മാനേജ്മെന്റ് കൈമാറ്റം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണ്. ആയതിനുള്ള അപേക്ഷ ബന്ധപ്പെട്ട സ്കൂളിന്റെ നിയന്ത്രണാധികാരി മുഖാന്തിരം യഥാസമയം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കണം. |
| (സി) | കെ.ഇ.ആർ. നടപടിക്രമങ്ങൾ പാലിക്കാതെ രജിസ്ട്രാർ ഓഫീസ് മുഖേന മാത്രമായി സ്കൂൾ-സ്ഥാവര ജംഗമ വസ്തുക്കൾ മറ്റൊരാളിലേക്ക് മാറ്റിയെങ്കിൽ പ്രസ്തുത പ്രവൃത്തി വകുപ്പ് അംഗീകരിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ വിശദാംശം നൽകാമോ? | (സി) | പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുമതിയില്ലാതെ കൈമാറ്റം ചെയ്തവ അവകാശതർക്കങ്ങളോ സിവിൽക്കേസുകളോ നിലവില്ലാത്ത പക്ഷം ക്രമപ്പെടുത്താൻ 24-11-2021ലെ സർക്കാർ സർക്കുലർ നം എഫ്2/85/2021/ പൊ.വി.വ പ്രകാരം ഒരു മാസക്കാലം അവസരം നൽകിയിരുന്നു. ആയതിന് ശേഷം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുമതിയില്ലാതെ നടത്തുന്ന സമാന സ്വഭാവമുള്ള യാതൊരുവിധ കൈമാറ്റങ്ങളും അംഗീകരിക്കുകയില്ലായെന്നും പ്രസ്തുത സർക്കുലറിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. സർക്കുലറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.GEDN-F2/85/2021-G.EDN
പൊതുവിദ്യാഭ്യാസ (എഫ്) വകുപ്പ്
തിരുവനന്തപുരം,
തീയതി: 24/11/2021

## <u>സർക്കുലർ</u>

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് - മുൻകൂർ അനുമതിയില്ലാതെ വസ്തുവകകളോടെയുള്ള സ്കൂളുകളുടെ മാനേജ്മെന്റ് കൈമാറ്റം- അംഗീകരിക്കുന്നത് - സം.

സൂചന:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 29.09.2021- ലെ ഡി.ജി.ഇ/10107/2021-ഇ4 നം. കത്ത്

*****************

1959 – ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം III ചട്ടം 5എ യിലെ വ്യവസ്ഥകൾ പ്രകാരം ഒരു എയ്ഡഡ് സ്കൂളിന്റെ ഉടമസ്ഥാവകാശത്തോടെയുള്ള മാനേജ്മെന്റ് കൈമാറ്റം (change of Management involving change of ownership) ഫലപ്രദമാകണമെങ്കിൽ (പ്രാബല്യത്തിൽ വരണമെങ്കിൽ) ഡയറക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. പ്രസ്തുത ചട്ടം ചുവടെ ചേർക്കുന്നു:-

"5A. Change of management involving change of ownership –
(1) Notwithstanding anything contained in these rules, no change of Management of any aided school involving change of ownership shall be effected except with the previous permission of the Director. The Director may grant such permission unless the grant of such permission will, in his opinion, adversely affect the working of the institution and the interests of the staff and the person to whom the Management is transferred......."

എന്നാൽ പ്രസ്തുത ചട്ടങ്ങൾ സംബന്ധിച്ച് അറിവില്ലായ്മമൂലവും കോവിഡ് മഹാമാരികാരണമുള്ള ലോക് ഡൗൺമൂലവും സർക്കാർ ഓഫീസുകൾ പൂർണ്ണമായി പ്രവർത്തിക്കാത്തതിനാലും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുമതിയില്ലാതെതന്നെ സ്കൂളുകളുടെ വസ്തുവകകളോടെയുള്ള മാനേജ്മെന്റ് മറ്റൊരു വ്യക്തിക്കോ മാനേജ്മെന്റിനോ കൈമാറ്റം ചെയ്യപ്പെടുകയും ആയതിനുശേഷം മാത്രം ടി കൈമാറ്റം സാധൂകരിക്കണം എന്നും ആവശ്യപ്പെട്ടുകൊണ്ട് നിരവധി അപേക്ഷകൾ സർക്കാരിലും മറ്റ് വിദ്യാഭ്യാസ ഓഫീസുകളിലും സമർപ്പിക്കപ്പെടുന്നുണ്ട്. ടി ആവശ്യവുമായി ബന്ധപ്പെട്ട നിരവധി കോടതി കേസുകളും നിലവിലുണ്ട്.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുമതി തേടാതെ നടത്തിയ സ്കൂളുകളുടെ വസ്തുവകകളോടെയുള്ള മാനേജ്മെന്റ് കൈമാറ്റം സാധൂകരിക്കണമെന്ന ആവശ്യത്തോടെ സമർപ്പിക്കപ്പെട്ട നിരവധി അപേക്ഷകൾ നിരസിക്കപ്പെട്ടതായും ഇത്തരത്തിൽ നിരസിക്കപ്പെട്ട നിരവധി അപേക്ഷകൾ വകുപ്പ് തലത്തിൽ നിലവിലുള്ളതിനാൽ സർക്കാരിൽ നിന്നും ഒരു പൊതു ഉത്തരവ് ലഭ്യമാക്കുകയോ ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയോ ചെയ്യുന്നതുമൂലം ഉടമസ്ഥത അവകാശം ഉൾപ്പെടെയുള്ള സ്വത്തുവകകൾ കൈമാറ്റം ചെയ്യപ്പെടുന്നതിലുണ്ടാകാവുന്ന പിഴവുകൾ ലഘൂകരിക്കുന്നതിനും ഇതുവഴി വകുപ്പുതലത്തിൽ കെട്ടിക്കിടക്കുന്ന നിരവധി കേസുകൾക്ക് പരിഹാരമാകുമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനെ സൂചനാ കത്ത് മുഖേന അറിയിച്ചിരുന്നു.

സ്കൂളുകളുടെ വസ്തുവകകളോടെയുള്ള മാനേജ്മെന്റ് കൈമാറ്റം പരിശോധിച്ച് അംഗീകാരം നൽകുന്നതിന്, 1959 – ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം I ചട്ടം 3 – ലെ

വ്യവസ്ഥകൾ പ്രകാരം, ടി ചട്ടങ്ങളിലെ ഏതെങ്കിലും വ്യവസ്ഥകളുടെ പ്രയോഗം ഏതെങ്കിലും പ്രത്യേക കേസിൽ അതിയായ ബുദ്ധിമുട്ടുകൾക്ക് കാരണമാവുന്നതാണെന്ന് സർക്കാരിന് ബോധ്യപ്പെടുന്ന പക്ഷം, പ്രസ്തുത കേസ് നീതിയുക്തമായി കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ രീതിയിൽ, ആവശ്യമെന്ന് തോന്നുന്ന അങ്ങനെയുള്ള നിബന്ധനകളോടെ, പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾ പ്രസ്തുത കേസിന്റെ കാര്യത്തിൽ ഇളവ് ചെയ്യുകയോ വേണ്ടെന്ന് വയ്ക്കുകയോ ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. എന്നാൽ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം അസാധുവായ ഒരു വസ്തു കൈമാറ്റത്തെ ടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം സാധുവാക്കാവുന്നതല്ല. സമാന ആവശ്യങ്ങൾ ഓരോന്നായി പരിശോധിച്ചുകൊണ്ടാണ് നിബന്ധനകളിൽ ഇളവുനൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാറുള്ളത്. ആയതിനാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുമതിയില്ലാതെ ഈ സർക്കുലർ തീയതിക്ക് മുൻപ് നടത്തിയ ഇത്തരം കൈമാറ്റങ്ങൾ സാധൂകരിച്ചു നൽകണമെന്നാവശ്യപ്പെട്ട് വിവിധ വിദ്യാഭ്യാസ ഓഫീസർമാർ മുൻപാകെ ലഭിച്ചിട്ടുള്ള അപേക്ഷകൾ മറ്റുവിധത്തിൽ ക്രമപ്രകാരമാണെങ്കിൽ; (അതായത് അവകാശത്തർക്കങ്ങളോ സിവിൽക്കേസുകളോ) നിലവിലില്ലെങ്കിൽ മാത്രം; അപ്രകാരമുള്ള ഒരു സത്യപ്രസ്താവന 200 രൂപയിൽ കുറയാത്ത മുദ്രപത്രത്തിൽ അപേക്ഷകരിൽ നിന്നും വാങ്ങി വിശദമായി **പരിശോധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ സഹിതം ഒരു മാസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. ഈ സർക്കുലർ തീയതിക്ക് ശേഷം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുമതിയില്ലാതെ നടത്തുന്ന സമാന സ്വഭാവമുള്ള യാതൊരുവിധ കൈമാറ്റങ്ങളും അംഗീകരിക്കുകയില്ലെന്നും ഇതിനാൽ നിർദേശം പുറപ്പെടുവിക്കുന്നു.** ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഇക്കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.

ഈ സർക്കുലർ പുറപ്പെടുവിക്കുന്ന ദിവസം തന്നെ ആയത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനും അതുവഴി എല്ലാ സ്കൂൾ മാനേജർമാർക്കും വിദ്യാഭ്യാസ അധികാരികൾക്കും ആയതു ലഭിച്ചു എന്ന് ഉറപ്പാക്കുന്നതിനും ഇക്കാര്യം പത്രങ്ങളിലൂടെയും ദൃശ്യമാധ്യമങ്ങളിലൂടെയും വ്യാപക പ്രചരണം നടത്തുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

ഉത്തരവിൻ പ്രകാരം

A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

സെക്ഷൻ ഓഫീസർ.

പകർപ്പ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർമാർ
ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ {പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന}
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്